# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെന്മേനി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി 573/2021
12.08.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 16/08/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നെന്മേനി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി 573/2021 തീയ്യതി: 16/08/2021
12.08.2021

**വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി കെ ഉണ്ണി | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 09-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 09-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രശാന്ത് സി വി ഓഡിറ്റ് ഓഫീസർ
നവാസ് കെ എം,
ബിന്ദു കെ കെ,
അലി അക്ബർ കെ അസി.ഓഡിറ്റ് ഓഫീസർമാർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ സി പത്മനാഭൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| എ പി സനൽ കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനീഷ് പോൾ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.സനൽ കുമാർ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2019 | 31-03-2020 |
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.മദൻ മോഹൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | | |
| ഡോ.ദീപാ റാണി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.സ്മിത ജോൺ | വെറ്ററിനറി സർജൻ | 01-04-2019 | 13-10-2019 |
| ഡോ.അസൈനാർ | വെറ്ററിനറി സർജൻ | 14-10-2019 | 31-03-2020 |
| വൽസ കെ സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| അഖിൽ ലാൽ | അസി. എഞ്ചിനീയർ | 01-04-2019 | 06-12-2019 |
| രമ്യ അരവിന്ദ് | അസി.എഞ്ചിനീയർ | 07-12-2019 | 31-03-2020 |
| ആലീസ് ഷേർലി എസ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഷനോജ് എൻ പി | വി ഇ ഒ | 01-04-2019 | 31-03-2020 |
| അനുപമ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 05-08-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 13-08-2021) | 1-1 |
| 2 | ബഡ്ജറ്റ് പൂർണ്ണമല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 06-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-1-2 |
| 3 | യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 06-08-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 13-08-2021) | 1-1-3 |
| 4 | വാർഷിക കണക്കുകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2 |
| 5 | ട്രാൻസാക്ഷൻ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-1 |
| 6 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-2 |
| 7 | ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-3 |
| 8 | വാഹനത്തിന്റെ ആസ്തിമൂല്യം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-4 |
| 9 | വാർഷിക കണക്ക് പൂർണ്ണമല്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-5 |
| 10 | സ്റ്റേൽ ചെക്ക് ബാദ്ധ്യതയിലേക്ക് മാറ്റിയിട്ടില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-6 |
| 11 | ഡിപ്രീസിയേഷൻ-വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-7 |
| 12 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-8 |
| 13 | രജിസ്ററർ സൂക്ഷിപ്പ്-അപാകതകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-9 |
| 14 | വാർഷിക കണക്കുമായി യോജിക്കുന്നില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-10 |
| 15 | സ്റ്റേൽ ചെക്ക് വരുമാനം മുതൽ കൂട്ടിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-2-11 |
| 16 | സാമ്പത്തിക വിശകലനം<br>Written By: K.M.Navaz (Asst. Audit Officer, On 08-08-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 08-08-2021) | 1-3 |
| 17 | ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 09-08-2021) | 1-4 |
| 18 | പദ്ധതി അവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 11-08-2021) | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 10-08-2021) | 1-6 |
| 20 | ക്ഷേമ പദ്ധതി<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-7 |
| 21 | | 1-8 |

| | | |
|---|---|---|
| | ക്യാഷ് പരിശോധന<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | |
| 22 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: K.K.Bindu (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-9 |
| 23 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-10 |
| 24 | പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-11 |
| 25 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്<br>Written By: K.K.Bindu (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-12 |
| 26 | ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-13 |
| 27 | ആർദ്രം പദ്ധതി-ആശുപത്രി ഉപകരണങ്ങളും ഫർണിച്ചറും ലഭ്യമായിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-14 |
| 28 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കപ്പെടുന്നില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-15 |
| 29 | കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം-കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-16 |
| 30 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ലാപ്ടോപ് കമ്പ്യൂട്ടർ കുടുംബശ്രീക്ക് നൽകി<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 09-08-2021) | 1-17 |
| 31 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-18 |
| 32 | ഗോത്ര സാരഥി പദ്ധതി അപാകതകൾ<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-19 |
| 33 | ലൈഫ് മിഷൻ-മുൻകൂർ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: Prasanth C V (Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-20 |
| 34 | ട്രഷറിഓഫീസർ ഒപ്പിട്ട ബിൽതുക അക്കൌണ്ടിൽ വന്നില്ല<br>Written By: Prasanth C V (Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-21 |
| 35 | കാർഷിക നഴ്സറി നിർമ്മാണം-ഫലപ്രാപ്തി കൈവരിച്ചില്ല.<br>Written By: Prasanth C V (Audit Officer, On 09-08-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 13-08-2021) | 1-22 |
| 36 | ഭവനനിർമ്മാണം- ഫയൽ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Prasanth C V (Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-23 |
| 37 | നെൽകൃഷി കൂലി ചെലവ് സബ്സിഡി - രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 1-24 |
| 38 | കർഷകർക്ക് കിടാരി വിതരണം - പട്ടികജാതി - സബ്സിഡി അധികം നൽകി - 6000/- രൂപ നിരാകരിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 09-08-2021) | 1-25 |
| 39 | ക്ഷീരധാര പദ്ധതി-പട്ടികജാതി വനിതകൾക്ക് പശുവിതരണം അധികം നൽകിയ 1,80,000/ രൂപ നിരാകരിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 1-26 |
| | **ഭാഗം 2** | |

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | കർഷകർക്ക് കിടാരി വിതരണം - പട്ടികജാതി - സബ്സിഡി അധികം നൽകി - 6000/- രൂപ നിരാകരിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 12-08-2021) | 3-1 |
| 2 | ക്ഷീരധാര പദ്ധതി-പട്ടികജാതി വനിതകൾക്ക് പശുവിതരണം അധികം നൽകിയ 1,80,000/ രൂപ നിരാകരിക്കുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 4-2 |
| 3 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Anoop Vijai N (Computer Assistant, On 13-08-2021) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: K.M.Navaz (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 4-4 |
| 5 | സമാഹൃത റിപ്പോർട്ട് വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 4-5 |
| 6 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 4-6 |
| 7 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 09-08-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 10-08-2021) | 4-7 |
| 8 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.M.Navaz (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 11-08-2021) | 4-8 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | 2019-20 | |
|---|---|---|
| | യഥാർത്ഥം | പുതുക്കിയത് |
| മുൻബാക്കി | 23356904 | 66369333 |
| വരവ് | 241655200 | 286973116 |
| ആകെ | 265012104 | 353342449 |
| ചെലവ് | 251341500 | 303903203 |
| നീക്കിബാക്കി | 13670604 | 49439246 |
| തീരുമാനം നമ്പർ/തീയതി | 1/63/27.02.19 | 13/04.03.20 |

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവ്രഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും 2019-20 വ്രഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങൾ ആവശ്യപ്പെട്ടതായി കാണുന്നില്ല. 2019-20 ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ഘടകസ്ഥാപനമേധാവികളുടെ യോഗം വിളിച്ചതായി കാണുന്നില്ല.ബഡ്ജറ്റ് തയ്യാറാക്കിയത് സംബന്ധിച്ച് യാതൊരു വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയില്ല.

സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.പ്രോപ്പോസൽ ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

### 1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2019-20,2020-21 വർഷങ്ങളിലെ ബഡ്ജറ്റുകൾ അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

### 1-1-3 യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ രണ്ടുവർഷങ്ങളിലെ ബഡ്ജറ്റുകളും യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

| ഇനം | 2019-20 | |
|---|---|---|
| | പുതുക്കിയ<br>ബഡ്ജറ്റ് പ്രകാരം | വാർഷികകണക്കുകൾ<br>പ്രകാരം |
| മുൻബാക്കി | 66369333 | 86164131 |
| വരവ് | 286973116 | 131627832 |
| | | |

| | | |
|---|---|---|
| ആകെ | 353342449 | 217791963 |
| ചെലവ് | 303903203 | 131313688 |
| നീക്കിബാക്കി | 49439246 | 86478275 |

പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ. വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം (കുടിശ്ശിക ഉൾപ്പെടെ) | വ്യതാസം |
|---|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 6600000 | 5915174 | 684826 |
| 2 | 1102001 | തൊഴിൽ നികുതി | 2200000 | 1736680 | 463320 |
| 3 | 1401001 | ലൈസൻസ് ഫീസ് | 2,00,000 | 235265 | 35265 |
| 4 | 1401101 | പെർമിറ്റ് ഫീസ് | 370000 | 344758 | 25242 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 06.07.2019 | --- | --- |

## 1-2-1 ട്രാൻസാക്ഷൻ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

1) RP – 40(B) യിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ നടക്കുന്നില്ല.

1. SBT Invest

2. SBT Koliyadi SGRY 7608

3. SBT Jalanidhi 7766

4. SBT Pyka 7989

5. SBT Koliyadi SSA 547

## 1-2-2 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ, വിവിധ അക്കൗണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പിന്റെ റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ Cheques Issued But Not Presented Into Bank, Directly Credited Into Bank, Directly Debited By Bank എന്നീ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-2-3 ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2020 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

## 1-2-4 വാഹനത്തിന്റെ ആസ്തിമൂല്യം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ (KL-73C 1526 ) ആസ്തിമൂല്യം നിശ്ചിത സാംഖ്യ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

## 1-2-5 വാർഷിക കണക്ക് പൂർണ്ണമല്ല

വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-6 സ്റ്റേൽ ചെക്ക് ബാദ്ധ്യതയിലേക്ക് മാറ്റിയിട്ടില്ല

മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചുവടെ ചേർത്തിരിക്കുന്ന ചെക്കിന്റെ തുക ബാധ്യത ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 6837023/04.07.19 | 9950/- |
| 2 | 367858/25.07.19 | 6000/- |

## 1-2-7 ഡിപ്രീസിയേഷൻ-വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-2-8 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-2-9 രജിസ്ററർ സൂക്ഷിപ്പ്-അപാകതകൾ

1) ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) അഡ്വാൻസ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭിക്കാത്തതിനാൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം പരിശോധിച്ചുറപ്പിക്കാൻ സാധിച്ചിട്ടില്ല.

5) ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ഉള്ള താഴെ പറയുന്ന ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഫിക്സഡ് ഡെപ്പോസിറ്റ് നമ്പർ | തീയതി | ബാങ്കിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 130341807520003 | 21.03.2020 | വയനാട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് ചുള്ളിയോട് | 5,00,000/ |

6) വാർഷിക ധനകാര്യ പത്രികയും ഡിപ്പോസിറ്റ് രജിസ്റ്ററുമായി താഴെ പറയുന്നവയിൽ പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വിവരണം | വരവ് | | ചെലവ് | |
|---|---|---|---|---|---|
| | | RP34 | ഡെപ്പോസിറ്റ് രജിസ്റ്റർ | RP34 | ഡെപ്പോസിറ്റ് രജിസ്റ്റർ |
| 1 | Bidders Earnest Deposit | 54870 | 57370 | 34100 | 40100 |
| 2 | Contractors Retension | 252166 | 472541 | 43761 | 294136 |
| 3 | Rent Deposit | 76246 | 161913 | 0 | 146220 |

7) വാർഷിക കണക്ക് പ്രകാരം (B-5) വായ്പ ഇനത്തിൽ 13745393/- രൂപയാണ് ബാദ്ധ്യത നിലനിൽക്കുന്നത്. എന്നാൽ, സൂകൃതം വായ്പ രജിസ്റ്റർ പ്രകാരം 18936286/- ആണ് അടക്കാൻ ബാക്കി നിൽക്കുന്നത്.

8) KURDFC ലോൺ ഇനത്തിൽ തൻ വർഷത്തെ വരവ് 3930000 രൂപയാണ് എന്നാൽ RP -45 Prepaid Expenses ഇനത്തിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 3110000രൂപയാണ്.

KURDFC വായ്പ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വായ്പ തിരിച്ചടവ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

9) RP 31 – ലുള്ള വരവ് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പലവക ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

10) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms, Sale Of Scrap എന്നീ ഇനങ്ങളിൽ യഥാക്രമം 91068/- രൂപ, 101882/- രൂപ എന്നിങ്ങനെ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

11) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 14,39,614/- രൂപ ഉണ്ട്. പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

12) ജി.ഒ(പി) നം 7/2017 തീയതി 23.01.2017 ഉത്തരവ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ ഒഴിവാക്കേണ്ടതാണ്. എന്നാൽ,നെൻമേനി പഞ്ചായത്തിൽ താഴെ പറയുന്ന നിർവ്വഹണോദ്യോഗസ്ഥരുടെ പേരുകളിൽ ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥരുടെ പേര് | അക്കൗണ്ട് വിവരം | മുൻ ബാക്കി | നീക്കി ബാക്കി |
|---|---|---|---|---|
| 1 | അസി.എഞ്ചിനീയർ | 67077587127 SBI ചുള്ളിയോട് | 121953.75 | 457929.75 |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 57068379644 SBI ചുള്ളിയോട് | 248611.61 | 232674.61 |

മേൽ ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13) ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 12 - 420700101 - സ്ഥിര നിക്ഷേപങ്ങൾ എന്ന ഇനത്തിൽ കൊടുത്ത തുക 8599701/- രൂപ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുമായി യോജിക്കുന്നുണ്ട്. എന്നാൽ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-2-10 വാർഷിക കണക്കുമായി യോജിക്കുന്നില്ല

1) തൻവർഷം ക്യൂ ബിൽ ആയ തുക വാർഷികകണക്കിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

2) Capital Work In Progress ഇനത്തിൽ തൻവർഷം ബുക്ക് ചെയ്ത തുക 1,61,60,095/- രൂപയാണ് (RP 40) .എന്നാല്, ബാലൻസ് ഷീറ്റ് B11-(A) ഷെഡ്യൂൾ പ്രകാരം ബുക്ക് ചെയ്ത തുക 23,33,359/- രൂപയാണ്. അസി. എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം 38,71,752/- രൂപയാണ്.വിശദീകരിക്കേണ്ടതാണ്.

3) 2019-20 വർഷത്തെ വിവിധ ഫണ്ടുകൾ/ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള താഴെ പറയുന്ന ചെലവുകളും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഗ്രാന്റിന്റെ പേര് | എ.സി.ആർ പ്രകാരം | എ.എഫ്.എസ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട്(ജനറൽ) | 24087949 | 21829881 | 2258068 |
| 2 | സെന്ട്രൽ ഫിനാൻസ് കമ്മീഷൻ | 9250530 | 8530614 | 719916 |

4) ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(A)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും യഥാക്രമം 6,28,24,905/- രൂപയും 6,28,36,290/- രൂപയുമാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകളും പദ്ധതി ചെലവുകളും മാത്രമാണ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ വരുമാനമായും ചെലവായും ഉൾപ്പെടുത്തുക എന്നിരിക്കെ വരവിനേക്കാൾ കൂടുതൽ ചെലവ് തുക പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയല്ല. ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ ഇപ്രകാരം 11385/- രൂപ വരുമാനത്തിനേക്കാൾ കൂടുതൽ തുക ചെലവായി കാണിച്ചു.

5) MNREGS വരവ് - ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

എൻ.ആർ.ഇ.ജി.എസ്. ഇനത്തിലെ വരവ് ചെലവ് തുകകൾ രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| എൻ.ആർ.ഇ.ജി.എസ് | രജിസ്റ്റർ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഭരണ വരവ് | 3999846 | 1752642 | 2247204 |
| ഭരണ ചെലവ് | 3407109 | 0.0 | 3407109 |
| ആകെ വരവ് | 61970000 | 62824905 | 854905 |
| ആകെ ചെലവ് | 61657000 | 62836290 | 1179290 |

6) ജീവനക്കാരുടെ തൊഴിൽ നികുതി വരവ് വാർഷിക കണക്കുമായി യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | തൊഴിൽ നികുതി - ജീവനക്കാർ കറന്റ് ഡിമാന്റ് | 1162480 (I-1) | 1112120 | 50360 |
| 2 | തൊഴിൽ നികുതി - ജീവനക്കാർ അരിയർ ഡിമാന്റ് | 0 (B-15, 18-19) | 50360 | 50360 |
| 3 | തൊഴിൽ നികുതി - ജീവനക്കാര് കറന്റ് വരവ് | 1117980 (RP-1) | 1112120 | 5860 |
| 4 | തൊഴിൽ നികുതി - ജീവനക്കാരുടെ അരിയർ വരവ് | 0 | 50360 | 50360 |
| 5 | തൊഴിൽ നികുതി - ജീവനക്കാരുടെ ആകെ വരവ് | 1117980 | 1162480 | 44500 |

7) സഞ്ചയ പ്രകാരമുള്ള റസിഡൻഷ്യൽ വസ്തു നികുതി കളക്ഷൻ, കറന്റ് ഡിമാന്റ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി

യോജിക്കുന്നുണ്ട്. എന്നാൽ, നോൺ- റസിഡൻഷ്യൽ വസ്തു നികുതി കളക്ഷൻ വാർഷിക ധനകാര്യ പത്രികയിൽ പൂജ്യം ആണ്. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി അരിയർഡിമാന്റ് | 774890 (B-15 18-19) | 666974 | 107916 |
| 2 | വസ്തു നികുതി അരിയർ ബാക്കി | 106932 (B-15) | 101670 | 5262 |
| 3 | വസ്തു നികുതി കറന്റ് ബാക്കി | 719192 (B-15) | 684014 | 35178 |

8) ബാലൻസ് ഷീറ്റിൽ 'State Govt Cess/Levies In Property Tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി സഞ്ചയ പത്രികമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | ലൈബ്രറി സെസ്സ് അരിയർ ഡിമാന്റ് | 36899 (B-15, 18-19) | 36433 | 466 |
| 3 | ലൈബ്രറി സെസ്സ് കറന്റ് ബാക്കി | 47517 (B-15) | 42738 | 4779 |

9) I-18 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന Prior Period Ites -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വിവരണം | തുക |
|---|---|---|
| 1 | Prior Period Income-Property Tax On Residential Buildings. | 269780/- |
| 2 | Prior Period Income-Profession Tax | (-)10507/- |
| 3 | Prior Period Income-Rent Building | 732/- |
| 4 | Prior Period Income-Licence Fee | (-)7795/- |
| 5 | Prior Period Income-Written Off Profession Tax | (-)1500/- |
| 6 | Prior Period – Establishment Expenses | (-)78635/- |
| 7 | Prior Period – Programme Expenses | (-) 749729/- |

10) 2019-20 വാർഷിക കണക്ക് പ്രകാരം RP4 - Fees And User Charges (140700101) എന്ന ശീർഷകത്തിൽ Restoration Charges For Road Cutting ഇനത്തിൽ 2874 രൂപയുടെ വരവുണ്ട്. എന്നാൽ മേൽ വരവുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ വരവുകളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

11) അക്രൂവൽ ഇനങ്ങളായ തൊഴിൽ നികുതി - ട്രേഡേഴ്സ്, ഡി&ഒ ലൈസൻസ് തുടങ്ങിയവക്ക് കൃത്യമായ ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കാതെ തൻവർഷത്തെ കളക്ഷൻ തുകയോടൊപ്പം മുൻവർഷം ലഭിച്ച അഡ്വാൻസ് തുക ചേർത്ത് ഡിമാൻറ് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇതുമൂലം തൻവർഷ കുടിശ്ശിക കണക്ക് പഞ്ചായത്തിൽ ലഭ്യമാകുന്നില്ല. തൊഴിൽ നികുതി - ട്രേഡേഴ്സ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

12) വാർഷിക കണക്കുകൾ പ്രകാരമുള്ള താഴെ പറയുന്ന കാര്യങ്ങളിൽ വാടക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | വിവരണം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വാടക അരിയർ ഡിമാന്റ് | 86399 (B-15 18-19) | 85667 | 732 |
| 2 | വാടക അരിയർ ബാക്കി | 1246 (B-15) | 0 | 1246 |

13) Recivables Towards Market Reciept (RP-43) പ്രകാരം 33000/- ആണ്. എന്നാൽ, ലേല രജിസ്റ്റർ പ്രകാരം വരവ് 46000/- ആണ്.

14)ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് സംയുക്ത പദ്ധതിയ്ക്കായി തൻവർഷം ലഭ്യമായ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-2-11 സ്റ്റേൽ ചെക്ക് വരുമാനം മുതൽ കൂട്ടിയിട്ടില്ല.

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 9 – 350800101 – Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള 479843 രൂപ കാലാവധി കഴിഞ്ഞ ചെക്കുകളുടേതാണ്. ആയതിനാൽ ഈ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 86164131 |
| വരവ് | 131627832 |
| ആകെ | 217791963 |
| ചെലവ് | 131313688 |
| നീക്കിയിരിപ്പ് | 86478275 |
| വരവിനങ്ങളിലെ നഷ്ടം | |
| ചെലവിനങ്ങളിലെ നഷ്ടം | |
| | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | 26391108 | 26391108 | 24087949 | 2303159 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4802294 | 4802294 | 2363693 | 2438601 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 18501353 | 18501353 | 10730289 | 7771064 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 23887000 | 23887000 | 14043531 | 9843469 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 7308000 | 7308000 | 2370943 | 4937057 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 22768613 | 22768613 | 9250530 | 13518083 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 20561404 | 20561404 | 12948210 | 7613194 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 309 | 265476801 | 162 | 99690192 | 0 | 147 | 52.43 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 18 | 15267767 | 8799124 | 57.63 |
| അസി.സെക്രട്ടറി | 10 | 9 | 2502886 | 2025974 | 80.94 |
| വി ഇ ഒ | 22 | 14 | 123467726 | 33512931 | 27.14 |
| കൃഷി ഓഫീസര് | 9 | 7 | 866104 | 8345880 | 96.35 |
| വെറ്ററിനറിസർജൻ | 13 | 8 | 12465500 | 2098521 | 16.83 |
| ഐസി ഡി എസ് സൂപ്പർവൈസർ | 9 | 6 | 12210000 | 9838736 | 80.57 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 14 | 11 | 4727516 | 3203792 | 67.76 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 300000 | 300000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 2 | 420000 | 420000 | 100 |
| ഹെഡ് മാസ്റ്റർ | 12 | 10 | 3763800 | 3387675 | 90 |
| അസി. എഞ്ചിനിയർ | 189 | 76 | 81600002 | 27757559 | 34.01 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1752642 | 1752642 | 1752642 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 62824905 | 62824905 | 62824905 |

1-7 ക്ഷേമ പദ്ധതി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18600 | 20 |
| കർഷകതൊഴിലാളി പെൻഷൻ | 4174200 | 725 |
| വിധവാപെൻഷൻ | 12608400 | 2166 |
| വാർദ്ധക്യകാലപെൻഷൻ | 16871400 | 3049 |
| വികലാംഗപെൻഷൻ | 2842100 | 66 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |
| അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 246600 | 45 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന22.07.21 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50435രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗങ്ങളായ വസ്തുനികുതി,തൊഴിൽ നികുതി ,വാടക എന്നിവയുടെയൊന്നും യഥാർത്ഥകണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല.ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

4. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ ,ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

5.സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനട്സ് പരിശോധിച്ചതിൽ പല വാങ്ങലുകളും കമ്മിററി അംഗീകരിച്ചു കാണുന്നില്ല.

വിവിധസ്റ്റാൻഡിംഗ് കമ്മിറ്റി മിനട്സുകൾ പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടതായ എല്ലാ ചുമതലകളും പരിഗണിച്ചതായി കാണുന്നില്ല.വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോഗങ്ങളിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ചെലവുശതമാനം പരിശോധിക്കുന്നുണ്ടെങ്കിലും പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല.

ആരോഗ്യവിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി മാലിന്യസംസ്കരണം,സ്കൂളുകളുടെ ഭൌതികസാഹചര്യം,പകർച്ചവ്യാധിപ്രതിരോധനടപടികൾ എന്നീമേഖലകളിൽ ശ്രദ്ധ ചെലുത്തിയത് അഭിനനന്ദനാർഹമാണ്.

ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പെൻഷൻ അപേക്ഷകൾ പരിശോധിക്കുന്നുണ്ടെങ്കിലും അങ്കണവാടി ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുക, അങ്കണവാടികളുടെ ഭൌതികസാഹചര്യം അവലോകനം ചെയ്യുക എന്നിങ്ങനെയുള്ള ചുമതലകൾ നിർവഹിക്കുന്നതായി കണ്ടില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

ഭരണസമിതിതീരുമാനങ്ങൾ നടപ്പാക്കുന്നതുസംബന്ധിച്ച് അടുത്തയോഗത്തിൽ വിലയിരുത്തൽ നടത്തുന്നതായി കാണുന്നില്ല.

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ കൂടുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.6.2019 വരെ | 17.7.19 മുതൽ 18.7.19 വരെ | 3.12.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2014-15 | 14.1.16 മുതൽ 16.1.16 വരെ | 14.3.16 |

## 1-11 പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ

പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ് ) 11/2018.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം രൂപീകരിച്ചിട്ടുണ്ട് എന്ന് മിനട്സ് ബുക്കുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിൽ പദ്ധതിരൂപീകരണനടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2019-20 വർഷത്തേക്കുള്ള പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് 20.10.18 ന് മാത്രമാണ്.ഈ യോഗങ്ങളിൽ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതായി കാണുന്നില്ല.ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.
2. വികസനസെമിനാർ 22.11.18 ന് നടന്നതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും നിലവിലെ അവസ്ഥ സംബന്ധിച്ച് അവലോകനം നടത്തിയതായി കാണുന്നില്ല.
3. വിവിധ വിഭവസമാഹരണസാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക ,തദ്ദേശഭരണസ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേക്കുംഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ ,സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ ,അതനസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.
4. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല . നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല..
5. പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളെല്ലാം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല.വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്യാത്ത പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും.
6. പദ്ധതിനടത്തിപ്പ് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നടന്നിട്ടില്ലെങ്കിലും 23.11.18 ലെ വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോഗത്തിൽ മുൻവാർഷികപദ്ധതികളെ കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

10.വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ പല യോഗങ്ങളുടെയും മിനട്സുകൾ എഴുതി പൂർത്തീകരിച്ചതായി കാണുന്നില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതിരൂപീകരണം നടത്തിയതിനും പദ്ധതികൾ നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ നല്ല രീതിയിൽ നടത്തുന്നതിനും ഫയലുകൾ ക്രമീകരിച്ച് ഓഡിറ്റിന് ഹാജരാക്കുന്നതിനും നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധിച്ചിട്ടുണ്ട്.

എന്നിരുന്നാലും ഏതാനും ചില അപാകതകൾ വന്നിട്ടുണ്ട്.വിശദവിവരം താഴെ ചേർക്കുന്നു.

1)ഫയലുകളിൽ നോട്ട് ഫയൽ വെച്ചിട്ടില്ല.

2)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല.

3)പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.

4) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല.

5)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്കിൽ പ്രോജക്ട് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് തീരുമാനങ്ങളോരോന്നും രേഖപ്പെടുത്തി കാണുന്നില്ല.20.10.18 ,22.11.18തീയതികളിൽ ആണ് പദ്ധതിരൂപീകരണം സംബന്ധിച്ച യോഗം നടന്നിട്ടുള്ളത്.ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ മുൻവർഷപദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.20 പദ്ധതികളാണ് വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശിച്ചിട്ടുള്ളത്.എന്നാൽ വാർഷികപദ്ധതിച്ചെലവുകണക്കുകൾ പ്രകാരം 189 പദ്ധതികളാണ് രൂപീകരിച്ചിരിക്കുന്നത്.വർക്കിംഗ് ഗ്രൂപ്പിൽ ശുപാർശ ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയവയിൽ ഭൂരിഭാഗവും.2019-20 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഒരുയോഗം മാത്രമാണ് നടന്നത്.ഈ യോഗങ്ങളിലൊന്നും തന്നെ മുൻവർഷത്തെ പദ്ധതികൾ അവലോകനം ചെയ്തിട്ടില്ല.പദ്ധതിനിർവഹണം മോണിട്ടർ ചെയ്തിട്ടില്ല.

6)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 212പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 52 എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

7).ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

8) കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളോ ,മുൻപ് ഈ പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

9) റോഡ് നിർമ്മാണപ്രവൃത്തികളിൽ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-13 ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല. തൻവർഷം ഇ.ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | പ്രോജക്ട് തുക | ബിഡുകളുടെ എണ്ണം, | ഫോറം വില(ടാക്സ് ഉൾപ്പെടെ) | ആകെ ലഭിക്കേണ്ട തുക(ടാക്സ് ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | 155/20 മഞ്ഞാടി കോളനി സാംസ്കാരികനിലയം നിർമ്മാണ് | 500000 | 1 | 1130/- | 1130/- |
| 2 | 353/20കോട്ടയിൽ കോട്ടക്കുന്ന് റോഡ്റീടാറിംഗ് | 500000 | 1 | 1130/- | 1130/- |
| 3 | 359/20 പാടിപ്പറമ്പ് ആനപ്പാറ സ്കൂൾജംഗ്ഷൻ റോഡ് നവീകരണം | 1000000 | 1 | 2260/- | 2260/- |
| 4 | 170/20 മാളിക സ്കൂൾ മെയിന്റനൻസ് ചുറ്റമതിൽ നിർമ്മാണം | 446309 | 1 | 1009/- | 1009/- |
| 5 | 194/20എടക്കൽ അംഗൻവാടി കെട്ടിടനിർമ്മാണം | 882832/- | 1 | 2018/- | 2018/- |
| 6 | 165/20ചെറുമാട് സ്കൂൾ മെയിന്റനൻസ് | 535359/- | 4 | 1210 | 4840/- |
| 7 | 175/20 കല്ലിങ്കര സ്കൂൾ മെയിന്റനൻസ് | 446090 | 2 | 997 | 1994/- |
| 8 | 218/20 ചുള്ളിയോട് പി.എച്ച്.സി.നവീകരണം | 713320 | 2 | 1613 | 3226/- |
| 9 | 77/20 താളൂർ ബസ് ബേ നിർമ്മാണം | 445865 | 1 | 1008/- | 1008/- |
| 10 | 178/20 മാക്കുറ്റികോളനി സാംസ്കാരികനിലയം | 714279/- | 1 | 1615/- | 1615/- |
| 11 | 335/20പാമ്പള കൾവർട്ട് നിർമ്മാണം | 535500/- | 1 | 1210/- | 1210/- |

| | | | | | |
|---|---|---|---|---|---|
| 12 | 373/20അമ്മായിപ്പാലം പുത്തൻകുന്ന് റോഡ് നവീകരണം | 892383/- | 1 | 2017/- | 2017/- |
| | ആകെ | | | | 23457/- |

02.10.17 ലെ G.O(MS)3186/2017LSGD പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഇ-ടെൻഡറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിനും സർക്കുലർ നമ്പർ ഡി.ബി.1/7942/2010/CE/LSGD/27.11.19 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമായിരുന്നു. ഓഡിറ്റ് എൻക്വയറി.നം. 6/19-20തീയതി 26.07.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ആർദ്രം പദ്ധതി-ആശുപത്രി ഉപകരണങ്ങളും ഫർണിച്ചറും ലഭ്യമായിട്ടില്ല.

ആരോഗ്യസ്ഥാപനത്തിലേക്ക് ആശുപത്രി ഉപകരണങ്ങളും ഫർണിച്ചറും വാങ്ങുന്നതിന് തുക അടച്ച് ഒരു വർഷത്തിന് ശേഷവും ഉപകരണങ്ങളും ഫർണിച്ചറും ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നമ്പർ- 201/20

പ്രോജക്റ്റ്- ആർദ്രം പദ്ധതി.

നിർവഹണം-മെഡിക്കൽ ഓഫീസർ,

കുടുംബാരോഗ്യകേന്ദ്രം,ചീരാൽ

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവഴിച്ച തുക- 885862രൂപ

1.ട്രഷറി ബിൽ നമ്പർ/തീയതി -10/15.02.20-₹ 726137

2.ട്രഷറി ബിൽ നമ്പർ/തീയതി -12/24.03.20.-₹159725

ക്രമനമ്പർ 1 പ്രകാരമുള്ള തുക KMSCL- ൽ ആശുപത്രിഉപകരണങ്ങൾ വാങ്ങുന്നതിനും ക്രമനമ്പർ 2 പ്രകാരമുള്ള തുക സിഡ്കോയിൽ ഫർണിച്ചർ വാങ്ങുന്നതിനും ഡെപ്പോസിറ്റ് ചെയ്തതാണ്.എന്നാൽ നാളിതുവരെയായും ഉപകരണങ്ങളും ഫർണിച്ചറും ലഭ്യമായതായികാണുന്നില്ല.ആശുപത്രി ഉപകരണങ്ങളും ഫർണിച്ചറും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി.നം. 4 തീയ്യതി 22.07.21 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നല്കിയിട്ടില്ല.

## 1-15 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കപ്പെടുന്നില്ല.

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം കാലാകാലങ്ങളിൽ പരിശോധിക്കുന്നില്ല.ഓഡിറ്റ് എൻക്വയറിനമ്പർ 4 /20-21/27.07.21 പ്രകാരം വിവരം അന്വേഷിച്ചതിന് നൽകിയ മറുപടിയിൽ 18.09.19 ന് ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ ഒരു സാക്ഷ്യപത്രം ആണ് ഓഡിറ്റിന് ഹാജരാക്കിയത്.അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ,മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ ഗുണനിലവാരം സമയാസമയങ്ങളിൽ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം-കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽനിന്നും ,1996 ലെ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് പ്രകാരം ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വ്രക്ക് ബില്ലിൽ നിന്നുംവസൂലാക്കി വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ ഒടുക്കേണ്ടതുംഈ തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജിനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതുമാണ്.(The Building And Other Construction Workers Welfare Cess Act 1996 Section 3-3).തൻവർഷം 278899 രൂപ വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ അടച്ചിട്ടുണ്ട്.കളക്ഷൻ ചാർജ്ജ് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ലാപ്ടോപ് കമ്പ്യൂട്ടർ കുടുംബശ്രീക്ക് നൽകി

നിർവ്വഹണം അസിസ്റ്റന്റ് സെക്രട്ടറി

Project Number 90/19-20

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ലാപ്ടോപ് കമ്പ്യൂട്ടർ

അടങ്കൽ 690000

ചെലവ് 1)Billno 10/19-20 /21.12.2019 298140

2)Billno 12/19-20 /20.12.2019 372675

27 ലാപ് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങി.

26 ലാപ് ടോപ്പ് കമ്പ്യൂട്ടറുകൾ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

ബാക്കി വന്ന ഒരു ലാപ്ടോപ് ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കാത്തതിനാൽ ഭരണസമിതി തീരുമാനം 7/7 തീയതി 14.8.20 പ്രകാരം

കുടുംബശ്രീക്ക് നൽകി.ലാപ് ടോപ്പിന്റെ വില കുടുംബശ്രീ സിഡിഎസ് 2020-21സാമ്പത്തിക വർഷം ചലാൻ നം KL011813311202021M തീയതി 4.11.20 പ്രകാരം ട്രഷറിയിൽ അടച്ചു.ദുർബല ജന

വിഭാഗങ്ങൾക്കുള്ള ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-18 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം., / ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം 84/19-20<br>ഐകെഎം വിഹിതം<br>ഇൻഫർമേഷൻ കേരള മിഷൻ | 100,000 തനത് ഫണ്ട് | Bill No 6/19/-20/26.6.19 |
| 2 | മഴക്കാല ശുചീകരണം<br>മെഡിക്കൽ ഓഫീസർ<br>FHC ചുള്ളിയോട് | 230000 ശുചിത്വ മിഷൻ ഫണ്ട് | 1)21900121/10.5.19 130000<br>2)21900121/10.5.19 130000 |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

1-19 ഗോത്ര സാരഥി പദ്ധതി അപാകതകൾ

**ഹെഡ്മാസ്റ്റർ ജി എൽ പി എസ് ചുള്ളിയോട് മുഖേന നടപ്പിലാക്കിയ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.**

**1)**

| |
|---|
| **ഗോത്ര സാരഥി പദ്ധതി** |
| **Project No .149/19-20** |
| **അടങ്കൽ - 960000** |
| ചെലവ് -917938 |
| 1)Bill No 1/30.8.19 182792 |
| 2)Bill No 3/13.11.19 175400 |
| 3)Bill No 6/19.12.19 43780 |
| 4)Bill No 7/19.12.19 85840 |
| 5)Bill No 8/31.1.20 71196 |
| 6)Bill No 10/31.1.20 105698 |
| 7)Bill No 11/28.2.20 49900 |
| 8)Bill No 12/28.2.20 45007 |

| |
|---|
| 9)Bill No 13/28.2.20 40387 |
| 10)Bill No 14/19.3.20 47661 |
| 11)Bill No 15/19.3.20 47536 |
| 12)Bill No 14/19.3.20 22741 |
| ആകെ 917938 |

**നെൻമേനി ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ പട്ടിക വർഗ്ഗത്തിൽ പെട്ട വിദ്യാർത്ഥികളെ സ്കൂളുകളിൽ വാഹനങ്ങളിൽ എത്തിക്കുന്നതാണ് പദ്ധതി.**

**ടാക്സി ജീപ്പുകളിൽ ആണ് വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നത്.ഓരോ മാസത്തേയുംതുക ഒന്നിച്ചാണ് അനുവദിച്ചു നൽകുന്നത്. വാഹന ഉടമകൾ ഒന്നിൽ കൂടുതൽ ദിവസങ്ങൾക്ക് ഒരു ട്രിപ്പ് ഷീറ്റ് ആണ് സമർപ്പിച്ചിരിക്കുന്നത്. ഓരോ ദിവസത്തെ യാത്രക്കും പ്രത്യേകംട്രിപ്പ് ഷീറ്റ് നൽകേണ്ടതാണ്.**

1-20 ലൈഫ് മിഷൻ-മുൻകൂർ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല.

ഭവനപുനരുദ്ധാരണം പ്രവർത്തിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റി പ്രവൃത്തിപൂർത്തീകരിച്ചതായി കാണുന്നില്ല.വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിവരങ്ങൾ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ നം തിയ്യതി |
|---|---|---|---|
| 118/19-20<br>ജനറൽ<br>അടങ്കൽ-3000000<br>ചെലവ്-1992350 | സരോജിനി<br>പുല്ലമാട് വീട്<br>വാർഡ് 12 | 35000 | ബിൽ നം<br>55/20-3-2020 |
| ടി | ഗോപാലകൃഷ്ണൻ<br>അയ്യപ്പൻകുന്ന്<br>വാർഡ് 23 | 35000 | ബിൽ നം<br>55/25-1-2020 |
| ടി | ഏലിയാമ്മ<br>കൊച്ചംകുടി<br>വാർഡ്13 | 35000<br>40000 | ബിൽ നം.69/11-2-2020<br>ബിൽ നം.69/16-6-2020 |
| ടി | തങ്കമ്മ<br>പരിയാരത്ത്<br>വാർഡ് 8 | 35000 | ബിൽ നം.69/11-2-2020 |
| 124/19-20<br>ടി.എസ്.പി<br>അടങ്കൽ-7300000<br>ചെലവ്-2653900 | അമ്മിണി | 40000 | ബിൽ നം.98/18-3-2020 |
| 124/19-20<br>ടി.എസ്.പി<br>ടി | മണി.പി.എൻ | 40000 | ബിൽനം.105/25-3-20 |
| 131/19-20<br>ടി.എസ്.പി<br>അടങ്കൽ-4800000<br>ചെലവ്-4590000 | സന്ധ്യ | 90000 | ബിൽനം.100/20-3-2020 |
| 322/19-20<br>എസ്.സി<br>അടങ്കൽ-560000 | അഭിലാഷ്.എൻ.ജി | 40000 | ബിൽ നം.113/10-3-20 |

| | | | |
|---|---|---|---|
| ചെലവ്-400000 | | | |
| **242/19-20 ഭവനപുനരുദ്ധാരണം അടങ്കൽ-115000 ചെലവ്-115000 | കഞ്ഞി.കുറ്റിക്കാട്ടിൽ | 40000 | ബിൽനം.9/19-7-19 |
| 241/19 ഭവനപുനരുദ്ധാരണം അടങ്കൽ-610000 ചെലവ്-286999 | നസൈമത്ത് | 40000 | ബിൽ നം 2/10-8-`19 |

**ഫയൽ പരിശോധനയിൽ റേഷൻ കാർഡിൽ ഗുണഭോക്താവിന്റെ പേരല്ലാതെ ശ്രീമതി ചന്ദ്രമതി എന്നാണ്കാണുന്നത്.ഗുണഭോക്താവ് ആ റേഷൻകാർഡിൽ ഉൾപ്പെട്ട ആളാണെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

അഡ്വാൻസ് ലഭിച്ച് പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഗുണഭോക്താക്കളിൽ നിന്ന് പലിശ സഹിതം തുക ഈടാക്കേണ്ടതായിരുന്നു.എന്നാൽ 2019-20 സാമ്പത്തികവർഷത്തിൽ ഈ പദ്ധതി പ്രകാരം തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് തുക ഈടാക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ അന്വേഷണക്കുറിപ്പിന്(നമ്പർ 19/6-8-2021) മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ ധനസഹായം നല്കിയ തുകയായ 470000/- രൂപ തടസ്സം ചെയ്യുന്നു

## 1-21 ട്രഷറിഓഫീസർ ഒപ്പിട്ട ബിൽതുക അക്കൌണ്ടിൽ വന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരഹിതർക്ക് ഭൂമി വാങ്ങി നല്കുന്ന പദ്ധതിയിൽ(പ്രോജക്ട് നമ്പർ 347)ട്രഷറി ബിൽബുക്ക് പരിശോധനയിൽ ബിൽ നം.92/18-3-2020 പ്രകാരം 430000 രൂപ ട്രഷറി ഓഫീസർ ഒപ്പിട്ട് പാസ്സാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ പ്രോജക്ട് രജിസ്റ്ററിൽ വന്നിട്ടില്ല.കാഷ് ബുക്കിൽ പ്രസ്തുത തുക കാൻസൽ ചെയ്തതായി കാണുന്നു.

മേൽ അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന് സൂചിപ്പിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (നമ്പർ 19/**6-8-**2021)മറുപടി ലഭിച്ചിച്ചില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-22 കാർഷിക നഴ്സറി നിർമ്മാണം-ഫലപ്രാപ്തി കൈവരിച്ചില്ല.

2019-2020 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം നടപ്പാക്കിയ കാർഷിക നെഴ്സറി നിർമ്മാണവുമായി ബന്ധപ്പെട്ട് ആര്യവേപ്പിന്റെ 20000 വിത്തുകൾ,കറിവേപ്പിന്റെ 2000 വിത്തുകൾ കവറുകളിൽ മണ്ണ് നിറച്ച പാകി വിതരണത്തിന് തയ്യാറാക്കി നല്കുന്നതാണ് പദ്ധതി.എന്നാൽ ഇത് വില ഈടാക്കി വില്ക്കാനാനാണോ,സൌജന്യമായി വീടുകളിൽ നല്കാനാണോ എന്ന വിവരങ്ങൾ ഫയലില്ല.പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് നല്കിയ അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ നാലാം വാർഡിലെ പുഞ്ചവയൽ ചിറക്ക് സമീപമുള്ള പൊതുഭൂമിയിലാണ് നഴ്സറി ഒരുക്കിയതെന്നും,ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച വിത്തുകൾ ഏതുതരം,എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാകാതിരുന്നതിനാലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയാതിരുന്നതെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി.വിത്തുകൾ മുള വന്നതിനാൽ ഉടനടി തൊഴിലുറപ്പ് അംഗങ്ങളെ വച്ച് പാകുകയാണുണ്ടായത്.എന്നാൽ കനത്ത മഴയുടെ സമയമായതിനാൽ മിക്കവാറും തൈകൾ നശിച്ചു പോയെന്നും,എസ്റ്റിമേറ്റിന് ഭരണാനുമതി,സാങ്കേതികാനുമതി എന്നിവ ലഭിക്കാൻ താമസിച്ചതിനാലാണ് മസ്റ്റർ റോൾ തയ്യാറാക്കുവാൻ സാധിക്കാതെ വന്നതെന്ന് മറുപടിയിൽ പറയുന്നു.

ആര്യവേപ്പ്,കറിവേപ്പ് എന്നിവയുടെ തൈകളാണ് മുളപ്പിക്കുന്നതിന് ലഭ്യമാക്കിയത്.രണ്ടു കിലോഗ്രാം വീതം വിത്തുകളാണ് തയ്യാറാക്കിയത്.ഇതിൽ 760 ആര്യവേപ്പ് തൈകൾക്കും,240 കറിവേപ്പ് തൈകൾക്കും കൂടകൾ തയ്യാറാക്കിയത്.എന്നാൽ 630 ആര്യവേപ്പിൻതൈകളും,110 കറിവേപ്പിൻതൈകളുമാണ് നിലനിന്നതെന്ന മറുപടി ഈ പ്രവൃത്തിയുടെ മുന്നൊരുക്കമില്ലായ്മ വ്യക്തമാക്കുന്നു.നിലവിൽ ഈ നെഴ്സറി പ്രവ്രത്തിക്കുന്നില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട് നല്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മസ്റ്റർറോൾ നമ്പർ | തിയ്യതി | നല്കിയ തുക | ഫണ്ട് ട്രാൻസ്ഫർ ഓർഡർ നമ്പർ |
|---|---|---|---|
| 8439 | 15-12-19 | 6900 | 425292 |
| 8400 | 20-12-19 | 8280 | 44364 |
| 8885 | 29-12-19 | 6900 | 45627 |
| 11015 | 4-3-20 | 1656 | 622656 |
| 11016 | 10-3-20 | 552 | 636187 |
| | ആകെ തുക | 24288 | |

മുന്നൊരുക്കവും,വ്യക്തമായ ലക്ഷ്യവുമില്ലാതെ ഈ പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം നല്കേണ്ടതാണെന്ന അന്വേഷണക്കുറിപ്പിന് (20 തീയതി 6-8-2021)മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-23 ഭവനനിർമ്മാണം- ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

| ഗുണഭോക്താവ് / വിഭാഗം/ഐഡി | ഫയൽ സൂക്ഷിപ്പിലെ അപാകതകൾ |
|---|---|
| ചീര/ പട്ടികവർഗ്ഗം/892951 | എഗ്രിമെന്റ് പൂർത്തീകരിച്ചില്ല<br>സ്റേറജ് റിപ്പോർട്ടുകൾ കൃത്യമായി മോണിട്ടറിങ്ങ് കമ്മിറ്റി എഴുതുന്നില്ല<br>ധനസഹായം കൈപ്പറ്റുന്ന വേളയിൽ ഗുണഭോക്താവ് ഒപ്പിടുന്നില്ല |
| ശാന്ത/പട്ടികവർഗ്ഗം/ ഐഡി എഴുതിയിട്ടില്ല | എഗ്രിമെന്റ് പൂർത്തീകരിച്ചില്ല<br>സ്റേറജ് റിപ്പോർട്ടുകൾ കൃത്യമായി മോണിട്ടറിങ്ങ് കമ്മിറ്റി എഴുതുന്നില്ല<br>ധനസഹായം കൈപ്പറ്റുന്ന വേളയിൽ ഗുണഭോക്താവ് ഒപ്പിടുന്നില്ല |
| ബൊമ്മി/ പട്ടികവർഗ്ഗം/717781 | ഗുണഭോക്താവ് 30-11-18,23-11-18 എന്നീ തിയ്യതികളിൽ മാത്രമാണ് ലഭിച്ച തുകക്ക് സ്ററാമ്പ് ഒട്ടിച്ച് വിരലടയാളം പതിപ്പിച്ചത്.<br>നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഒപ്പ് ഇല്ല..<br>ദാരിദ്ര്യലഘൂകരണ വ്രക്കിങ്ങ് ഗ്രൂപ്പ് കമ്മിറ്റി അംഗങ്ങളുടെ മോണിട്ടറിങ്ങ് റിപ്പോർട്ട് പൂരിപ്പിച്ചില്ല.<br>നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനറിപ്പോർട്ടിൽ ഒപ്പ് വച്ചത് ഗുണഭോക്താവാണ്.<br>ഭവനനിർമ്മാണഘട്ടങ്ങളിലെ ഘട്ടങ്ങൾ പൂർണ്ണമായും കമ്മിറ്റി അംഗങ്ങൾ പൂരിപ്പിക്കുന്നില്ല.<br>കൈപ്പറ്റ് രശീതിൽ തുക എത്രയെന്ന് എഴുതി ഒപ്പിട്ടിട്ടില്ല. |
| ശാന്തി/ പട്ടികവർഗ്ഗം/717781 | എഗ്രിമെന്റ് പൂർത്തീകരിച്ചില്ല.<br>രണ്ടാം കക്ഷിഒപ്പിട്ടിട്ടില്ല,സാക്ഷികൾ ഒപ്പിട്ടിട്ടില്ല.<br>ഗുണഭോക്താവ് 30-11-18,23-11-18 എന്നീ തിയ്യതികളിൽ മാത്രമാണ് ലഭിച്ച തുകക്ക് സ്ററാമ്പ് ഒട്ടിച്ച് വിരലടയാളം പതിപ്പിച്ചത്.<br>നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഒപ്പ് ഇല്ല..<br>ദാരിദ്ര്യലഘൂകരണ വ്രക്കിങ്ങ് ഗ്രൂപ്പ് കമ്മിറ്റി അംഗങ്ങളുടെ മോണിട്ടറിങ്ങ് റിപ്പോർട്ട് പൂരിപ്പിച്ചില്ല.<br>നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനറിപ്പോർട്ടിൽ ഒപ്പ് വച്ചത് ഗുണഭോക്താവാണ്.<br>ഭവനനിർമ്മാണഘട്ടങ്ങളിലെ ഘട്ടങ്ങൾ പൂർണ്ണമായും കമ്മിറ്റി അംഗങ്ങൾപൂരിപ്പിക്കുന്നില്ല.<br>കൈപ്പറ്റ് രശീതിൽ തുക എത്രയെന്ന് എഴുതി ഒപ്പിട്ടിട്ടില്ല. |
| മാരി/പട്ടികവർഗ്ഗം/ എഴുതിയിട്ടില്ല | എഗ്രിമെന്റ് പൂർത്തീകരിച്ചില്ല.ഒന്ന്,രണ്ട് കക്ഷികൾ ഒപ്പിട്ടിട്ടില്ല,സാക്ഷികൾ ഒപ്പിട്ടിട്ടില്ല.സ്റ്റേജ് റിപ്പോർട്ടിൽ വാർഡ് മെമ്പറായ ശ്രീ.രാജഗോപാലൻ മാത്രമാണ് ഒപ്പിട്ടിരിക്കുന്നത്. |

| | |
|---|---|
| പതവി/ പട്ടികവർഗ്ഗം/707296 | എഗ്രിമെന്റ് പൂർത്തീകരിച്ചില്ല.ഒന്ന്,രണ്ട് കക്ഷികൾ ഒപ്പിട്ടിട്ടില്ല,സാക്ഷികൾ ഒപ്പിട്ടിട്ടില്ല.കൈപ്പറ്റ് രശീത് ഒപ്പിട്ടിട്ടില്ല |
| മനോജ്/ പട്ടികവർഗ്ഗം/ഐഡി എഴുതിയിട്ടില്ല | എഗ്രിമെന്റ് പൂർത്തീകരിച്ചില്ല.ഒന്ന്,രണ്ട് കക്ഷികൾ ഒപ്പിട്ടിട്ടില്ല,സാക്ഷികൾ ഒപ്പിട്ടിട്ടില്ല.കൈപ്പറ്റ് രശീത് ഒപ്പിട്ടിട്ടില്ല. |
| നെല്ല/പട്ടികവർഗ്ഗം/ ഐഡി എഴുതിയിട്ടില്ല | മോണിട്ടറിങ്ങ് റിപ്പോർട്ട് ഇല്ല.വാർഡ് 7 മെമ്പറായ ശ്രീമതി ബിന്ദുമണികണ്ഠൻ മോണിട്ടറിങ്ങ് റിപ്പോർട്ടിൽ ഒപ്പിട്ടില്ല.ശ്രീ.കെ.വി.ശശി എന്ന ഒരാൾ മാത്രമാണ് ഒപ്പിട്ടത്.ഫയലിലും രജിസ്റ്ററിലും തുക കൈപ്പറ്റിയത് ഒപ്പിട്ടിട്ടില്ല. |
| മിനി/പട്ടികവർഗ്ഗം/ ഐഡി എഴുതിയിട്ടില്ല | വസ്തുവിനെ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല.ബാങ്ക് അക്കൌണ്ട് നമ്പർ,ശാഖ,റേഷൻകാർഡ് നമ്പർ,ആധാർ നമ്പർ എന്നിവ എഴുതിയിട്ടില്ല.സാക്ഷികൾ ഒപ്പിട്ടിട്ടില്ല. |

ഫയൽ പരിശോധനയിൽ അപേക്ഷകരുടെ വിശദാംശങ്ങളിൽ പ്രധാനമായി ചേർക്കേണ്ട ലൈഫ് മിഷൻ യുണീക്ക് ഐഡി എഴുതുന്നില്ല.ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ചേർത്തത്.

ഫയൽ പരിശോധനയിലെ മേൽ അപാകതക്ക് വിശദീകരണം നല്കേണ്ടതാണ് എന്ന അന്വേഷണക്കുറിപ്പിന് (നമ്പർ 19/6-8-2021)മറുപടി ലഭിച്ചില്ല.അപേക്ഷകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 നെൽകൃഷി കൂലി ചെലവ് സബ്സിഡി - രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 136/20 | സമഗ്ര നെൽകഷി വികസനം -കൂലി ചെലവ് സബ്സിഡി (പൊതുവിഭാഗം) | 6000000/-(3000000/- - വികസനം ജനറൽ, 1500000/- - ബ്ലോക്ക് പഞ്ചായത്ത്, 1500000/- - ജില്ല പഞ്ചായത്ത്) | 6000000/- |
| 137/20 | സമഗ്ര നെൽകഷി വികസനം -കൂലി ചെലവ് സബ്സിഡി (ടി.എസ്.പി) | 1000000/-(500000/- - വികസനം എസ്.സി.പി, 250000/- - ബ്ലോക്ക് പഞ്ചായത്ത്, 250000/- - ജില്ല പഞ്ചായത്ത്) | 1000000/- |

മേൽ പദ്ധതി പ്രകാരം കൃഷി ഓഫീസർ നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി നൽകി. 1820 ജനറൽ ഗുണഭോക്താക്കൾക്കും 279 എസ്.ടി ഗുണഭോക്താക്കൾക്കും 7000000/- രൂപ സബ്സിഡി ഇനത്തിൽ നൽകി. മേൽ ചെലവിന്റെ സാംഖ്യ യു.ടി.ആർ സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. 2000 ന മുകളിൽ അപേക്ഷകൾ വാർഡ് അടിസ്ഥാനത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. അപേക്ഷകളും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പറുകളും സാംഖ്യ യു.ടി.ആർ സ്റ്റേറ്റുമെന്റുമായി പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിക്കുന്ന വിധത്തിൽ അപേക്ഷകൾ ക്രമനമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ആയത് ഉറപ്പുവരുത്താനുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

നെൻമേനി കൃഷിഭവനിലെ കൃഷി അസ്സിസ്റ്റന്റ് ശ്രീമതി. കൃഷ്ണജ കൃഷി വകുപ്പിൽ നിന്നും കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ബിനാമി പേരിൽ ക്രമവിരുദ്ധമായി തട്ടിയെടുത്തുവെന്ന് പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സസ്പെന്റ് ചെയ്തിരുന്നു (ഉത്തരവ് നം. ഇ(1)2836/2020 തീ. 29/06/2020). മേൽ സാഹചര്യത്തിൽ, നെൻമേനി ഗ്രാമ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തിയ പദ്ധതികളിൽ കൃത്രിമം നടന്നിട്ടുണ്ടോ എന്ന് ഗ്രാമ പഞ്ചായത്ത് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/19-20/0408.21) കൃഷി ഓഫീസർലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തിയ പദ്ധതികളിൽ കൃത്രിമം നടന്നിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, സെക്രട്ടറിക്ക് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/19-20/0408.21) മറുപടിലഭ്യമാക്കിയിട്ടില്ല. ഭരണവകുപ്പിന് കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ചെലവ് തുക 7000000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-25 കർഷകർക്ക് കിടാരി വിതരണം - പട്ടികജാതി - സബ്സിഡി അധികം നൽകി - 6000/- രൂപ നിരാകരിക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 167/20 | കർഷകർക്ക് കിടാരി വിതരണം - പട്ടികജാതി | 672000/- (500000-വികസനം എസ്.സി.പി, 168000 – ഗുണഭോക്തൃ വിഹിതം, 4000-തനത് ഫണ്ട്) | 36000/- (ബിൽ നം. 26/24.02.20) |
| 321/21 (SO Of | കർഷകർക്ക് കിടാരി | 476000/- (464000-വികസനം എസ്.സി.പി, 12000 – | 12000/- (ചെക്ക് നം. |

| | | | |
|---|---|---|---|
| 167/20) | വിതരണം - പട്ടികജാതി | ഗുണഭോക്തൃ വിഹിതം) | 2600636/25.08.20) |

മേൽ പദ്ധതി പ്രകാരം വെറ്ററിനറി സർജൻ 3 എസ്.സി ഗുണഭോക്താക്കൾക്ക് കറവ പശുവിനെ വാങ്ങാനുള്ള സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം [ സ.ഉ. നം. കൈ നം. 22/2018/തസ്വഭവ 14.02.2018 ഖണ്ഡിക 6.2.4] പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് പരമാവധി 10000/- രൂപയാണ് കിടാരിയെ വാങ്ങുന്നതിന് അനുവദിക്കാവുന്നത്. എന്നാൽ, വെറ്ററിനറി സർജൻ ഒരു ഗുണഭോക്താവിന് സബ്സിഡിയായി നൽകിയിരിക്കുന്നത് 12000/- രൂപയാണ്. 6000/- രൂപ അധികം നൽകിയിട്ടുണ്ട് (3*2000).

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/19-20/04.08.21) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും തിരകെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 6000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.ഖണ്ഡിക 3-1 കാണുക.

### 1-26 ക്ഷീരധാര പദ്ധതി-പട്ടികജാതി വനിതകൾക്ക് പശുവിതരണം അധികം നൽകിയ 1,80,000/ രൂപ നിരാകരിക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 419/19 (2018-19) | ക്ഷീരധാര പദ്ധതി-പട്ടികജാതി വനിതകൾക്ക് പശുവിതരണം | 1080000/- (800000-വികസനം എസ്.സി.പി, 270000- ഗുണഭോക്തൃ വിഹിതം, 10000-തനത് ഫണ്ട്) | 280000/-(10000- ചെക്ക് നം. 269943/26.03.19, 270000-ചെക്ക് നം. 001527/28.03.19) |
| 220/20(SO Of 419/19) | ക്ഷീരധാര പദ്ധതി-പട്ടികജാതി വനിതകൾക്ക് പശുവിതരണം | 800000/- വികസനം ജനറൽ | 800000/-(450000 - ബിൽ നം. 1/19-20/30.04.19, 350000 - ബിൽ നം. 2/19-20/30.04.19) |

മേൽ പദ്ധതി പ്രകാരം വെറ്ററിനറി സർജൻ 18 എസ്.സി ഗുണഭോക്താക്കൾക്ക് കറവ പശുവിനെ വാങ്ങാനുള്ള സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം [ സ.ഉ. നം. കൈ നം. 22/2018/തസ്വഭവ 14.02.2018 ഖണ്ഡിക 6.2.1] പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് പരമാവധി 35000/- രൂപയാണ് കറവ പശുവിനെ വാങ്ങുന്നതിന് അനുവദിക്കാവുന്നത്. എന്നാൽ, വെറ്ററിനറി സർജൻ ഒരു ഗുണഭോക്താവിന് സബ്സിഡിയായി നൽകിയിരിക്കുന്നത് 45000/- രൂപയാണ്. 1,80,000/- രൂപ അധികം നൽകിയിട്ടുണ്ട് (18*10000).

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/19-20/04.08.21) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും തിരകെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 1,80,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. ഖണ്ഡിക 3-2 കാണുക.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കർഷകർക്ക് കിടാരി വിതരണം - പട്ടികജാതി - സബ്സിഡി അധികം നൽകി - 6000/- രൂപ നിരാകരിക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 167/20 | കർഷകർക്ക് കിടാരി വിതരണം - പട്ടികജാതി | 672000/- (500000-വികസനം എസ്.സി.പി, 168000 – ഗുണഭോക്തൃ വിഹിതം, 4000-തനത് ഫണ്ട്) | 36000/- (ബിൽ നം. 26/24.02.20) |
| 321/21 (SO Of 167/20) | കർഷകർക്ക് കിടാരി വിതരണം - പട്ടികജാതി | 476000/- (464000-വികസനം എസ്.സി.പി, 12000 – ഗുണഭോക്തൃ വിഹിതം) | 12000/- (ചെക്ക് നം. 2600636/25.08.20) |

മേൽ പദ്ധതി പ്രകാരം വെറ്ററിനറി സർജൻ 3 എസ്.സി ഗുണഭോക്താക്കൾക്ക് കറവ പശുവിനെ വാങ്ങാനുള്ള സബ്സിഡി നൽകി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം [ സ.ഉ. നം. കൈ നം. 22/2018/തസ്വഭവ 14.02.2018 ഖണ്ഡിക 6.2.4] പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് പരമാവധി 10000/- രൂപയാണ് കിടാരിയെ വാങ്ങുന്നതിന് അനുവദിക്കാവുന്നത്. എന്നാൽ, വെറ്ററിനറി സർജൻ ഒരു ഗുണഭോക്താവിന് സബ്സിഡിയായി നൽകിയിരിക്കുന്നത് 12000/- രൂപയാണ്. 6000/- രൂപ അധികം നൽകി(3*2000).

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/19-20/04.08.21) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും തിരകെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 6000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

### 3-2 ക്ഷീരധാര പദ്ധതി-പട്ടികജാതി വനിതകൾക്ക് പശുവിതരണം അധികം നൽകിയ 1,80,000/ രൂപ

നിരാകരിക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 419/19 (2018-19) | ക്ഷീരധാര പദ്ധതി- പട്ടികജാതി വനിതകൾക്ക് പശുവിതരണം | 1080000/- (800000-വികസനം എസ്.സി.പി, 270000- ഗുണഭോക്തൃ വിഹിതം, 10000-തനത് ഫണ്ട്) | 280000/-(10000- ചെക്ക് നം. 269943/26.03.19, 270000-ചെക്ക് നം. 001527/28.03.19) |
| 220/20(SO Of 419/19) | ക്ഷീരധാര പദ്ധതി- പട്ടികജാതി വനിതകൾക്ക് പശുവിതരണം | 800000/- വികസനം ജനറൽ | 800000/-(450000 - ബിൽ നം. 1/19-20/30.04.19, 350000 - ബിൽ നം. 2/19-20/30.04.19) |

മേൽ പദ്ധതി പ്രകാരം വെറ്ററിനറി സർജൻ 18 എസ്.സി ഗുണഭോക്താക്കൾക്ക് കറവ പശുവിനെ വാങ്ങാനുള്ള സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം [ സ.ഉ. നം. കൈ നം. 22/2018/തസ്വഭവ 14.02.2018 ഖണ്ഡിക 6.2.1] പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് പരമാവധി 35000/- രൂപയാണ് കറവ പശുവിനെ വാങ്ങുന്നതിന് അനുവദിക്കാവുന്നത്. എന്നാൽ, വെറ്ററിനറി സർജൻ ഒരു ഗുണഭോക്താവിന് സബ്സിഡിയായി നൽകിയിരിക്കുന്നത് 45000/- രൂപയാണ്. 1,80,000/- രൂപ അധികം നൽകിയിട്ടുണ്ട് (18*10000).

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/19-20/04.08.21) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക 1,80,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

| പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|
| 22.07.21 To23 .07.21 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4-/2021 തിയ്യതി 12 .08.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1500000 | പ്രൊജ.നം.136/20-സമഗ്ര നെൽകൃഷി വികസനം-കൂലി ചെലവ് സബ്സിഡി | 1500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2000000 | പ്രൊജ.നം.114/20-ലൈഫ് ഭവനനിർമ്മാണം ജനറൽ | 1843299 | 156701 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2200000 | പ്രൊജ.നം.174/20-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1399050 | 800950 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2000000 | പ്രൊജ.നം.347/20-ലൈഫ് ഭൂ രഹിതർക്ക് ഭൂമി വാങ്ങൽ | 0 | 2000000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 55249 | പ്രൊജ.നം.323/20 ലൈഫ് ഭവനനിർമ്മാണം പട്ടികജാതി | 0 | 55249 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1000000 | പ്രൊജ.നം.370/20 ലൈഫ് ഭവനനിർമ്മാണം പട്ടികജാതി (മൂന്നാം ഘട്ടം) | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 250000 | പ്രൊജ.നം.137/20-സമഗ്ര നെൽകൃഷി വികസനം(TSP) | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 250000 | പ്രൊജ.നം.148/20-ക്ഷീരകർഷകർക്ക് പാലിന് സബിസീഡി (TSP) | 0 | 250000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1200000 | പ്രൊജ.നം.131/20-ലൈഫ് ഭവനനിർമ്മാണം പട്ടികവർഗ്ഗം | 1200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 700000 | പ്രൊജ.നം.376/20-ലൈഫ് ഭവനനിർമ്മാണം പട്ടികവർഗ്ഗം(മൂന്നാം ഘട്ടം) | 540000 | 160000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1000000 | പ്രൊജ.നം.145/20-ക്ഷീരകർഷകർക്ക് പാലിന് പ്രോൽസാഹന വില നൽകൽ | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 52030 | പ്രൊജ.നം.316/20-സമഗ്ര നെൽകൃഷി വികസനം | 0 | 52030 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1500000 | പ്രൊജ.നം.136/20-സമഗ്ര നെൽകൃഷി വികസനം-കൂലി ചെലവ് സബ്സിഡി | 1500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2000000 | പ്രൊജ.നം.114/20-ലൈഫ് ഭവനനിർമ്മാണം ജനറൽ | 716701 | 1283299 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1000000 | പ്രൊജ.നം.145/20-ക്ഷീരകർഷകർക്ക് പാലിന് പ്രോൽസാഹന വില നൽകൽ | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 32907 | പ്രൊജ.നം.316/20-സമഗ്ര നെൽകൃഷി വികസനം | 0 | 32907 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4000000 | പ്രൊജ.നം.347/20-ലൈഫ് ഭൂ | 3980000 | 2000 |

| | | | | | |
|---|---|---|---|---|---|
| | | | രഹിതർക്ക് ഭൂമി വാങ്ങൽ | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | പ്രൊജ.നം.323/20 ലൈഫ് ഭവനനിർമ്മാണം പട്ടികജാതി | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1000000 | പ്രൊജ.നം.370/20 ലൈഫ് ഭവനനിർമ്മാണം പട്ടികജാതി (മൂന്നാം ഘട്ടം) | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | പ്രൊജ.നം.137/20-സമഗ്ര നെൽകൃഷി വികസനം-കൂലി ചെലവ് (TSP) | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | പ്രൊജ.നം.148/20-ക്ഷീരകർഷകർക്ക് പാലിന് സബിസീഡി (TSP) | 49908 | 200092 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1200000 | പ്രൊജ.നം.131/20-ലൈഫ് ഭവനനിർമ്മാണം പട്ടികവർഗ്ഗം | 990000 | 210000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 406082 | പ്രൊജ.നം.324/20-ലൈഫ് ഭവനനിർമ്മാണം പട്ടികവർഗ്ഗം | 406082 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2800000 | പ്രൊജ.നം.376/20-ലൈഫ് ഭവനനിർമ്മാണം പട്ടികവർഗ്ഗം(മൂന്നാം ഘട്ടം) | 2775815 | 24185 |

**4-3 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സുകൃത ഭവനം പദ്ധതി | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ)നം.83/13 തസ്വഭവ തീയതി 11/03/2013 ഉത്തരവ് | 26870000 | 18845393 | 2000000 | 3100000 | 19432569 |
| KURDFC ലൈഫ് മിഷൻ ലോൺ | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ)നം.68/18 തസ്വഭവ തീയതി 18.5.18 ഉത്തരവ് | | 17521704 | General 617647 Scp 73294 Tsp 58824 Total 683824 | 31,84,263 | 1,40,68,912 (പലിശ ഉൾപ്പെടെ) |

4-4 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7929951 |
| തൻ വർഷം നിക്ഷേപിച്ച തുക | 669750 |
| ആകെ | 8599701 |
| തൻ വർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 8599701 |

4-5 സമാഹൃത റിപ്പോർട്ട് വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-2017 | 2-7 | 2017-18 | 9 (എ ) | റിസോട്ടുകൾക്ക് വസ്തു നികുതി നിശ്ചയിച്ചതിലെ അപാകതകൾ<br>അമിഡ കാസിൽ റിസോർട്ട് | കെട്ടിട ഉടമയുടെ അപേക്ഷയുടെ<br>അടിസ്ഥാനത്തിൽ ഭരണസമിതി പ്രശ്നത്തില്<br>ഇടപെടുകയും സ്ഥലം സന്ദർശിച്ച് മേൽ<br>കെട്ടിടം റിസോർട്ട് ഗണത്തിൽ പെടുന്നതല്ലായെന്നും<br>റിസോർട്ടിന് വേണ്ട യാതൊരു സൗകര്യവും<br>ഇല്ലായെന്ന് ബോധ്യപ്പെടുകയും നിലവിലെ<br>ലോഡ്ജ് എന്ന ഗണത്തിലെ നികുതി തന്നെ<br>ഈടാക്കുന്നതിനും ആയത് പ്രകാരം<br>ഓഡിറ്റ് വകുപ്പിന് കത്തു നൽകുന്നതിനും<br>തീരുമാനമെടുക്കുകയും ചെയ്തു,<br>മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ<br>ഓഡിറ്റ് വിഭാഗത്തിൽ നിന്നും ബാക്കി തുക<br>കൂടി ഈടാക്കുന്നതിനും നിർദ്ദേശം |

| | | | | | |
|---|---|---|---|---|---|
| | | | | | വരികയാണെന്കിൽ ബാക്കി തുക കൂടി ഒടുക്കേണ്ടി വരും എന്ന അറിയിപ്പും കൊടുത്തുകൊണ്ട് പഴയ നിരക്കിൽ നികുതി ഈടാക്കിയിട്ടുണ്ട്. |
| 2016-2017 | 2-7 | 2017-18 | 9 (ബി) 1 | റിസോട്ടുകൾക്ക് വസ്തു നികുതി നിശ്ചയിച്ചതിലെ അപാകതകൾ എടക്കൽ ഹോളിഡേ ഹോം റിസോർട്ട് | കെട്ടിട ഉടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഭരണസമിതി പ്രശ്നത്തില് ഇടപെടുകയും സ്ഥലം സന്ദർശിച്ച് മേൽ കെട്ടിടം റിസോർട്ട് ഗണത്തിൽ പെടുന്നതല്ലായെന്നും റിസോർട്ടിന് വേണ്ട യാതൊരു സൗകര്യവും ഇല്ലായെന്ന് ബോധ്യപ്പെടുകയും നിലവിലെ ലോഡ്ജ് എന്ന ഗണത്തിലെ നികുതി തന്നെ ഈടാക്കുന്നതിനും ആയത് പ്രകാരം ഓഡിറ്റ് വകുപ്പിന് കത്തു നൽകുന്നതിനും തീരുമാനമെടുക്കുകയും ചെയ്തു, മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിഭാഗത്തിൽ നിന്നും ബാക്കി തുക കൂടി ഈടാക്കുന്നതിനും നിർദ്ദേശം വരികയാണെന്കിൽ ബാക്കി തുക കൂടി ഒടുക്കേണ്ടി വരും എന്ന അറിയിപ്പും കൊടുത്തുകൊണ്ട് പഴയ നിരക്കിൽ നികുതി ഈടാക്കിയിട്ടുണ്ട്. |
| 2016-2017 | 2-7 | 2017-18 | 9 (ബി) 2 | റിസോട്ടുകൾക്ക് വസ്തു നികുതി | ഓഡിറ്റ് പരാമർശം പരിഗണിച്ച് നികുതി |

| | | | | | |
|---|---|---|---|---|---|
| | | | | നിശ്ചയിച്ചതിലെ അപാകതകൾ<br>എടക്കൽ ഹെറിറ്റേജ് റിസോർട്ട് | പുനർനിർണ്ണയിക്കുകയും കുടിശ്ശിക അടക്കം<br>പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. |
| 2016-2017 | 2-7 | 2017-18 | 9 (ബി) 1 | റിസോട്ടുകൾക്ക് വസ്തു നികുതി നിശ്ചയിച്ചതിലെ അപാകതകൾ<br>എടക്കൽ വില്ലേജ് റിസോർട്ട്<br>അമ്പുകുത്തി | ഓഡിറ്റ് പരാമർശം പരിഗണിച്ച് നികുതി<br>പുനർനിർണ്ണയിക്കുകയും കുടിശ്ശിക അടക്കം<br>പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. |

4-6 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 131627832 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 131313688 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 186000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7924288 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6000 | ഡോ.അസൈനാർ വെറ്റിനറി സർജൻ |
| 3-2 | | 180000 | ഡോ.സ്മിത ജോൺ വെറ്റിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 470000 | ഷനോജ് എൻ പി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | 430000 | ഷനോജ് എൻ പി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| 1-22 | 24288 | എ) പി സനൽകുമാർ, സെക്രട്ടറി |
| 1-24 | 7000000 | അനുപമ കൃഷ്ണൻ , കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അസൈനാർ വെറ്റിനറി സർജൻ | | ഡോ.അസൈനാർ കാക്കത്തേരി ഹൗസ്, നായ്ക്കെട്ടി സുൽത്താൻ ബത്തേരി |
| ഡോ.സ്മിത ജോൺ വെറ്റിനറി സർജൻ | ഡോ.സ്മിത ജോൺ വെറ്റിനറി സർജൻ, നെൻമേനി ഗ്രാമ പഞ്ചായത്ത് | ഡോ.സ്മിത ജോൺ ഓടപ്പള്ളം ,മൂലങ്കാവ്, ബത്തേരി |

4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91, 91-92 | LF(W).P4-360/10(1)/21.8.10 |
| 1992-93 | LF(W).P4-360/10(2)/21.8.10 |
| 1993-94 | LF(W).P4-360/10(3)/21.8.10 |
| 1994-95 | LF(W).P4-360/10(4)/21.8.10 |
| 1995-96 | LF(W).P4- |

| | |
|---|---|
| | 360/10(5)/21.8.10 |
| 1996-97 | LF(W).P1-687/01/31.12.01 |
| 1997-98 | LF(W).P1-730/00/15.12.01 |
| 1998-99 | LF(W).P1-96/01/1.8.01 |
| 1999-00 | LF(W).P4-595/04/8.2.05 |
| 2000-01 | LF(W).P4-360/10(8)/21.8.10 |
| 2001-02(Plan) | LF(W).P4-360/10(9)/21.8.10 |
| 2002-03 | LF(W).P4-360/10(10)/21.8.10 |
| 2003-04 | LF(W).P4-360/10(11)/21.8.10 |
| 2005-06 | LF(W).P4-360/10(13)/21.8.10 |
| 2006-07 | LF(W).P4-360/10(14)/21.8.10 |
| 2007-08 | LF(W).P4-337/13 10.6.13 |
| 2008-09 | LF(W).P4-690/12 17.5.13 |
| 2009-10 | LF(W).P4-191/12 29.2.12 |
| 2010-11 | LF(W).P3-193/13 01.7.13 |
| 2011-12,12-13 | LF(W).P3-614/14 07.11.14 |
| 2013-14 | KSA WYD P3-693/2015 16.12.2015 |
| 2014-15 | KSA WYD P3-427/14.07.2016 |
| 2015-16 | KSA WYD P3- |
| 2016-17 | KSA WYD P3-/578/17 13.10.17 |
| 2017-18 | KSA WYD P3-/685/19 22/11/2019 |
| 2018-19 | KSA WYD P3-/52/20 10.2.20 |

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്